## അട്ടപ്പാടിയിലെ ട്രൈബൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിൽ നിന്നും പച്ചക്കറികൾ സംഭരിച്ചു ഊരുകളിലെ കമ്മ്യൂണിറ്റി കിച്ചണുകളിലേക്കും മറ്റു ആവശ്യക്കാരിലേക്കും എത്തിച്ചു കുടുംബശ്രീ പാലക്കാട് ജില്ലാമിഷൻ

കൊറോണ രോഗത്തിന്റെ വ്യാപനം തടയാനായി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാനായി അനേകം കമ്മ്യൂണിറ്റി കിച്ചണുകളാണ് പാലക്കാട് ജില്ലയിലെ വിവിധ ഇടങ്ങളിൽ പ്രവർത്തിക്കുന്നത്. അട്ടപ്പാടി ട്രൈബൽ സെറ്റിൽമെന്റിൽ അടക്കം സർക്കാർ സംവിധാനത്തിന്റെ കീഴിൽ നിരവധി കമ്മ്യൂണിറ്റി കിച്ചണുകൾ ഇത്തരത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. അന്യ സംസ്ഥാനത്ത് നിന്നുള്ള പച്ചക്കറിയുടെ വരവ് നിലച്ചതോടെ, അട്ടപ്പാടിയിലെ ട്രൈബൽ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളിൽ നിന്ന് പച്ചക്കറികൾ സംഭരിച്ചു അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചണുകളിലേക്കും മറ്റു ആവശ്യക്കാരിലേക്കും എത്തിച്ചു മാതൃകയാവുകയാണ് കുടുംബശ്രീ പാലക്കാട് ജില്ലാമിഷൻ. 'കനികൊലുമ' എന്ന ട്രൈബൽ സംരംഭത്തിന്റെ നേതൃത്വത്തിൽ ആണ് വിഷരഹിത പച്ചക്കറികൾ സംഭരിക്കുന്നത്.

അഗ്രി ഉത്പന്നങ്ങളുടെ മാർക്കറ്റിംഗ് ഗ്രൂപ്പ് ആണ് 'കനികൊലുമ'. അട്ടപ്പാടിയിലെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (ജെ.എൽ.ജികൾ) കൃഷി ചെയ്ത പച്ചക്കറികൾ ഫീൽഡിൽ നിന്നും സംഭരിച്ച ശേഷം ഊരുകളിൽ ഉള്ള കമ്മ്യൂണിറ്റി കിച്ചണുകളിലേക്കും മറ്റുമായി വിതരണം ചെയ്യുകയുമാണ് ഇവർ ചെയ്യുന്നത്. ലോക്ക് ഡൗൺ തുടരുന്നതിനാൽ ഊരുകളിൽ കൃഷി ചെയ്ത പച്ചക്കറികൾ പുറത്തേക്ക് വിൽക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കവെയാണ് 'കനികൊലുമ' ഊരുകളിൽ നിന്നും പച്ചക്കറി നേരിട്ട് സംഭരിച്ചത്. ട്രൈബൽ ജെ.എൽ.ജികൾക്ക്

വരുമാനം ഉണ്ടാക്കാനും ഊരുകളിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചണിലൂടെ വിഷരഹിത പച്ചക്കറി കൊണ്ട് പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യാനും വിഷരഹിത പച്ചക്കറികൾ ആവശ്യക്കാരിലേക്ക് എത്തിക്കാനും ഈ പ്രവർത്തനം കൊണ്ട് സാധിച്ചു. ന്യുട്രിഷൻ ഗാർഡൻ മൊബൈൽ യൂണിറ്റിലൂടെ ആണ് പച്ചക്കറികൾ സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്തത്. പ്രതിസന്ധി ഘട്ടത്തിൽ ട്രൈബൽ മേഖലയിൽ സമയോചിതമായ ഇടപെടലിലൂടെ മികച്ച മാതൃക സൃഷ്ടിച്ചിരിക്കുകയാണ് കുടുംബശ്രീ പാലക്കാട് ജില്ലാമിഷൻ.